കേരള നിയമസഭ

# സഭാ ടി.വി.-യുടെ ദൃശ്യങ്ങൾ സ്വകാര്യ ടെലിവിഷൻ ചാനലുകളിലും സമൂഹ മാധ്യമങ്ങളിലും ഉപയോഗിക്കുമ്പോൾ പിന്തുടരേണ്ട പൊതുവായ നിർദ്ദേശങ്ങൾ

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

ജൂൺ 2023

## ആമുഖം

സഭാ നടപടികളും നിയമ നിർമ്മാണങ്ങളും നിയമസഭയിലെ പ്രവർത്തനങ്ങളും സുതാര്യമായി ജനങ്ങളിലേക്കെത്തിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് 'സഭാ ടി.വി.' എന്ന നൂതന സംരംഭം കേരള നിയമസഭ ആരംഭിച്ചത്. കേരള നിയമസഭ നടപടിക്രമങ്ങൾ, സഭാ ടി.വി.-യുടെ നേതൃത്വത്തിൽ ചിത്രീകരിക്കുന്ന പരിപാടികൾ, കേരള നിയമസഭയിൽ അരങ്ങേറുന്ന മറ്റു പരിപാടികൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോകൾ സഭാ ടി.വി.-യുടെ സമൂഹ മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്തുവരുന്നു. സഭയിലെ ചർച്ചകളെ സംബന്ധിക്കുന്ന വിഷയങ്ങൾ വലിയ ജനശ്രദ്ധ ആകർഷിക്കുന്നതിനാൽ, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള നല്ലൊരു വിഭാഗം മാധ്യമങ്ങൾ സഭയുടെ നടപടിക്രമങ്ങൾ തത്സമയം സംപ്രേഷണം ചെയ്യുന്നതിലും അവരുടെ സമൂഹ മാധ്യമങ്ങളിൽ ഉപയോഗിക്കുന്നതിലും അതീവ താൽപ്പര്യം കാണിക്കുന്നുണ്ട്. സഭാ ടി.വി. സംപ്രേഷണം ചെയ്യുന്ന വീഡിയോകൾ മറ്റുള്ള സ്വകാര്യ ചാനലുകളും വ്യക്തികളും അവരുടെ സമൂഹ മാധ്യമങ്ങളിൽ ഉപയോഗിക്കുന്നതുമൂലം കോപ്പിറൈറ്റ് സംബന്ധിച്ച നിരവധി തർക്കങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്നുണ്ട്. ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിന് ബഹു. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 15-12-2022-ൽ മാധ്യമ പ്രതിനിധികളുമായി ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഭാ ടി.വി.-യുടെ ദൃശ്യങ്ങൾ സ്വകാര്യ ടെലിവിഷൻ ചാനലുകളിലും സമൂഹമാധ്യമങ്ങളിലും ഉപയോഗിക്കുമ്പോൾ പിന്തുടരേണ്ട പൊതുവായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തിരുവനന്തപുരം,
2023 ജൂൺ 1

എ. എം. ബഷീർ,
*സെക്രട്ടറി.*

## കേരള നിയമസഭ

## സഭാ ടി.വി.-യുടെ ദൃശ്യങ്ങൾ സ്വകാര്യ ടെലിവിഷൻ ചാനലുകളിലും സമൂഹമാധ്യമങ്ങളിലും ഉപയോഗിക്കുമ്പോൾ പിന്തുടരേണ്ട പൊതുവായ നിർദ്ദേശങ്ങൾ

1. സഭാ ടി.വി.-യുടെ വീഡിയോകളുടെ ഉടമസ്ഥാവകാശം K-LAMPS (Media)-യ്ക്ക് മാത്രമാണ്.

2. സഭാ ടി.വി.-യുടെ ലോഗോ, Watermark എന്നിവ വ്യക്തമാകുന്നവിധം സഭാ ടി.വി.-യുടെ വീഡിയോകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

3. സഭാ ടി.വി.-യുടെ വാട്ടർമാർക്കും ലോഗോയും പ്രേക്ഷകർക്ക് കാണാൻ പറ്റുന്ന രീതിയിൽ വീഡിയോയുടെ ആദ്യാവസാനം വരെ നിർബന്ധമായും കാണിച്ചിരിക്കണം.

4. സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ അപ്‌ലോഡ് ചെയ്യുന്ന സഭാ ടി.വി.-യുടെ വീഡിയോകൾക്ക് എഡിറ്റോറിയൽ കണ്ടന്റ് ഉണ്ടായിരിക്കണം.

5. സഭാ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട വീഡിയോകളുടെ ചെറിയൊരു ഭാഗം മാത്രം slice ചെയ്ത് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ അപ്‌ലോഡ് ചെയ്യാൻ പാടുള്ളതല്ല.

6. ജനപ്രതിനിധികളെയോ നിയമസഭയെയോ സർക്കാരിനെയോ അവഹേളിക്കുന്ന വിധത്തിലോ ദുർവിധത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലോ സഭയുമായി ബന്ധപ്പെട്ട വീഡിയോകൾ മറ്റുവിധങ്ങളിൽ ഉപയോഗിക്കാൻ പാടില്ല.

7. സഭാ ടി.വി.-യുടെ കണ്ടന്റ് സമൂഹ മാധ്യമങ്ങളിൽ അപ്‌ലോഡ് ചെയ്യുമ്പോൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള ടൈറ്റിലുകളും thumbnail-ലുകളും നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

8. സഭാ ടി.വി.-യുടെ വീഡിയോ കണ്ടന്റുകൾ മോണിറ്റൈസ് ചെയ്യാനോ കണ്ടന്റ് ഐ.ഡി. എനേബിൾ ചെയ്യാനോ പാടില്ല.

9. സമൂഹ മാധ്യമങ്ങളിൽ സഭാ ടി.വി.യുടെ കണ്ടന്റ് ഉപയോഗിക്കുമ്പോൾ ഡിസ്ക്രിപ്ഷനിൽ courtesy സഭാ ടി.വി. എന്ന് നിർബന്ധമായും ചേർക്കുകയും സഭാ ടി.വി.-യുടെ യൂട്യൂബ് ചാനൽ മെൻഷൻ ചെയ്യുകയും വേണം. ആയതിന്റെ ഫോർമാറ്റ് യൂട്യൂബിൽ Video courtesy **@SabhaTV-KLA** (https://www.youtube.com/@SabhaTV-KLA) എന്നും ഫേസ്ബുക്കിൽ

Video courtesy **@Sabha TV** (https://www.facebook.com/sabhatvkeralam) എന്നും, ഇൻസ്റ്റാഗ്രാമിൽ Video courtesy **@sabha_tv** (https://www.instagram.com/sabha_tv/) എന്നുമാണ് ചേർക്കേണ്ടത്. ഇവ Hyperlink ആയി തന്നെ കൊടുക്കണം.

10. സ്വകാര്യ ടെലിവിഷൻ/ബ്രോഡ്കാസ്റ്റിംഗ്/വാർത്താ ഏജൻസികളും വ്യക്തികളും സഭാ ടി.വി. മുഖേന സംപ്രേഷണം ചെയ്യുന്ന കണ്ടന്റുകൾ വിവിധ സമൂഹ മാധ്യമങ്ങളിൽ ഉപയോഗിക്കുന്നത് വഴി ലഭിക്കുന്ന കോപ്പിറൈറ്റ് സ്ട്രൈക്കും, അതുമായി ബന്ധപ്പെട്ട നടപടികൾക്കും K-LAMPS (Media) ഉത്തരവാദി ആയിരിക്കുന്നതല്ല.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.